മത്സരങ്ങൾ വഴിയും ശില്പശാലകൾ വഴിയും കുട്ടികളിലെ സർഗ്ഗവാസനകളെ വികസിപ്പിച്ചെടുക്കാനും പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനും സഹായിക്കുന്നു. ഇതിനുപുറമേ ഓരോ വിദ്യാഭ്യാസ ജില്ലയിലും സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ രചനാ ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) കുട്ടികളുടെ പുസ്തക കോർണർ ഉണ്ടാക്കാൻ സന്നദ്ധരാകുന്ന ലൈബ്രറികൾക്ക് ആവശ്യപ്പെട്ടതത്രയും തന്നെ പുസ്തകം സൗജന്യമായി നല്കി വരുന്നു. ലൈബ്രറി കൗൺസിലുമായി സഹകരിച്ച് ലൈബ്രറികളിൽ പുസ്തക കോർണർ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗം സാഹിത്യവേദി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പുസ്തകപ്രദർശന മേളകളിൽ വില്പന നടത്തുന്നത് കൂടാതെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വഴിയും പ്രചരണവും വില്പനയും നടത്തിവരുന്നുണ്ട്.

## അവശകലാകാരന്മാർക്ക് പെൻഷൻ

**14 (1994)** ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര അവശകലാകാരന്മാർക്ക് പെൻഷൻ നല്കിവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പെൻഷൻ നല്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച എത്ര ഹർജികൾ തീരുമാനം എടുക്കാതെയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കലാകാരപെൻഷൻ മൊത്തം 1500 പേർക്കാണ് നല്കി വരുന്നത്. ഇതിൽ ആളുകൾ മരണപ്പെടുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവിൽ അർഹതയുള്ള കലാകാരന്മാരെ സർക്കാർ തെരഞ്ഞെടുക്കുന്നു.

(ബി) എല്ലാ അപേക്ഷകളും തീർപ്പാക്കി അർഹരായവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ ഹിൽ പാലസിലെ സ്പെയിസ് തിയേറ്റർ

**15 (1995)** ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന സ്പെയിസ് തിയേറ്ററിന്റെ പണി ആരംഭിച്ചോ എന്നറിയിക്കാമോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ബി) ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി ഇത് സംബന്ധമായി ഏതെങ്കിലും കരാർ ഒപ്പുവച്ചിരുന്നോ ;

(സി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനാവശ്യമായ ഉപകരണങ്ങൾ എന്ത് തുകയ്ക്ക് നല്കാമെന്നാണ് ഗോട്ടോ കമ്പനി സമ്മതിച്ചിരുന്നത് എന്നറിയിക്കാമോ ;

(ഇ) ഇപ്പോൾ ഇതിന് എന്തു തുക വേണ്ടി വരും ; പ്ലാനറ്റോറിയത്തിന്റെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേയ്ക്ക് പണി തുടങ്ങും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്പെയിസ് തിയേറ്ററിന്റെ പണി ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി വേണ്ടെന്ന് വച്ചിരിക്കുകയാണ്.

(ബി) കരാറിൽ ഒപ്പ് വച്ചിരുന്നു.

(സി) 19-10-1994-ൽ

(ഡി) 492 ദശലക്ഷം ജാപ്പനീസ് യെൻ (1760 ലക്ഷം രൂപ)

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ജനചിത്ര പ്രോഗ്രാം

**16 (1996)** ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ 'ജനചിത്ര പ്രോഗ്രാം' വയനാട് ജില്ലയിൽ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രോഗ്രാം സുൽത്താൻബത്തേരിയിൽ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) പരിപാടി സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവശ്യമായി വരുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചലച്ചിത്ര വികസന കോർപ്പറേഷന് ജനചിത്ര പ്രോഗ്രാം എന്ന പരിപാടി ഇല്ല. അത് കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയാണ് നടപ്പാക്കുന്നത്. അക്കാഡമിക്ക് വയനാട് ജില്ലയിൽ ജനചിത്ര പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്. ഈ പരിപാടി അക്കാഡമിയുമായി അഫിലിയേഷൻ എടുക്കുന്ന ഫിലിം സൊസൈറ്റികളുമായി സഹകരിച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) സുൽത്താൻ ബത്തേരിയിൽ ഫിലിം സൊസൈറ്റി രൂപീകരിച്ച് അക്കാഡമിയുമായി അഫിലിയേറ്റ് ചെയ്യേണ്ടതുണ്ട്. ഇത്തരം ഫിലിം സൊസൈറ്റികളിലൂടെയാണ് ജനചിത്ര പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly